# വിസ്മയം

## മാഗസിൻ

**ശ്രീവാസുദേവാശ്രമ ഹയർ സെക്കന്ററി സ്കൂൾ നടുവത്തൂർ**



കോഴിക്കോട് ജില്ല



വടകര വിദ്യാഭ്യാസ ജില്ല

മേലടി ഉപജില്ല

Sree Vasudeva Ashramam Higher Secondary School - Naduvathur

Knowledge is Power

കീഴരിയൂർ പഞ്ചായത്ത്

# ആമുഖം

അർജ്ജുനൻ കുന്ന് എന്ന പവിത്രമായ സ്ഥലത്ത്
1964ൽ സ്ഥാപിതമായ
ശ്രീവാസുദേവാശ്രമത്തിൻ കീഴിൽ
പ്രവർത്തിച്ചിരുന്ന സ്കൂളായിരുന്നു ഇത്.
ശ്രീ ഡോ എൻ കെ കൃഷ്ണൻ
എന്നറിയപ്പെടുന്ന
സ്വാമി പരമാനന്ദജിയാണ് സ്കൂളിന്റെ
സ്ഥാപകൻ. 2022 മുതൽ സ്ക്കൂൾ സർക്കാർ
ഏറ്റെടുത്തു.8 മുതൽ 12 വരെ ക്ലാസ്സുകൾ
നിലവിലുണ്ട്.കീഴരിയൂർ പഞ്ചായത്തിലെ ഏക
ഹൈസ്കൂൾ ആണിത്.2021 ൽ ലിറ്റിൽ
കൈറ്റസ് ബാച്ച് അനുവദിച്ചു.ഈ ബാച്ചിലെ
കുട്ടികൾ ഇപ്പോൾ എസ് എസ് എൽ സി
പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നു.ലിറ്റിൽ
കൈറ്റ്സിന് മറ്റു രണ്ടു ബാച്ചുകൾകൂടി ഉണ്ട്.
2022-25 ബാച്ചിലെ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങളുടെ സർഗാത്മക കഴിവുകൾ
പ്രകടിപ്പിക്കാനുള്ള ഒരവസരമാണിത്.

# ഉള്ളടക്കം


| | |
|---|---|
| വെളിച്ചം | 7 |
| തീരാദു:ഖത്തിൽഅലിഞ്ഞുചേരുന്നമകൾ | |
| 8 | |
| കുറുമ്പൻ ഉറുമ്പ് | 10 |
| ഓർമ്മകൾക്കപ്പുറം | 11 |
| പാത്തുമ്മയുടെ ആട് | 15 |
| തിരികൾ | 16 |
| ഒരു മുഴം കയറിൽ ഒടുങ്ങിയ ജീവിതം | 17 |
| ഒരു ദിവസം | 20 |
| മാന്ത്രികഗുഹ | 21 |
| Curious Baby Camel | 22 |
| ആ ഒരു നിമിഷം | 23 |
| കാക്കയും കോഴിയും | 24 |
| മഴ ഇടി അടി | 25 |
| പരിസ്ഥിതി ദിനാചരണ കുറിപ്പ് | 26 |
| ഓണാഘോഷങ്ങൾ....... ഒരോർമ്മ.... | 28 |
| പ്രകൃതിയുടെ തിരിച്ചടി | 31 |
| സങ്കടക്കണ്ണീർ | 33 |

ചീഫ് എഡിറ്റർ:- അഫ്‌ല മെഹ്റിൻ

സബ് എഡിറ്റർ:-അഷ്‌വിൻ ഷാജ് ബി.എസ്

<u>പത്രാധിപസമിതി</u>

വൈഷ്ണവ് ടി കെ

അഫ്നാൻ മുഹമ്മദ് എച്ച് എം

അമൽ എൻ പി

ഹരിദേവ് സി

ലാവണ്യ ആർ കെ

മുഫ്‌ലിഹ എൻ

# ആശംസ



**ഗീത പി**

ഹെഡ്മിസ്ട്രസ്

ശ്രീ വാസുദേവാശ്രമം ഗവൺമെന്റ് ഹയർ സെക്കൻററി സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ തികച്ചും പ്രശംസാർഹമാണ്.നൂതന സങ്കേതികവിദ്യകൾ ഉപയോഗിച്ചുകൊണ്ട് കുട്ടികളുടെ കഴിവുകൾ വികസിപ്പിക്കാനുതകുന്ന ഇത്തരം പ്രവർത്തനങ്ങൾ വൈവിധ്യ പൂർണമായ സർഗോപഹാരമാകട്ടെ എന്ന് ആശംസിക്കുന്നു.

# ആശംസ



**ശശികുമാർ ടി ടി**
സ്റ്റാഫ് സെക്രട്ടറി

ശ്രീ വാസുദേവ ആശ്രമ ഗവ:ഹയർ സെക്കൻററി സ്കൂളിലെ വിദ്യാർത്ഥികൾ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്ന "വിസ്മയം" എന്ന ഡിജിറ്റൽ മാഗസിൻ വളരെയധികം പ്രശംസ അർഹിക്കുന്നതാണ്. പുതിയ സങ്കേതിക വിദ്യ ഉപയോഗിച്ച് കുട്ടികൾ തയ്യാറാക്കിയ ഈ മാഗസിനിൽ അവരുടെ കഴിവുകൾ പ്രകടമാകുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ഇനിയും തുടരട്ടെ എന്ന് ആശംസിക്കുന്നു.

# ആശംസ



**ഫൈസൽ ടി**
കൈറ്റ് മാസ്റ്റർ

**ലിറ്റിൽകൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ "വിസ്മയം"എന്ന ഡിജിറ്റൽ മാഗസിന് തങ്ങളുടെ സൃഷ്ടികൾ സമർപ്പിച്ച കുട്ടികൾക്കും ഈ മാഗസിന് പിന്നിൽ പ്രവർത്തിച്ച വിവര സങ്കേതിക വിദ്യയിൽ മികവ് പുലർത്തിയ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കും എല്ലാവിധ ഭാവുകങ്ങളും നേരുന്നു.**

# വെളിച്ചം

കവിത

ലഹരിയുടെ  പക്ഷികൾ ചൂർന്നീടുമെൻ
ഹൃദയങ്ങൾക്കു കാവലായി എൻ അമ്മ.
അമ്മ തന്നീടുമീ വേലികൾ മുറിച്ചീടുമീ-
ലഹരിതൻപക്ഷികൾ. കരയുവാൻ കണ്ണീ-
രില്ലാതെ പിടയുന്നമി എൻ അമ്മ.

വെളിച്ചം തന്നീടുമെൻ അമ്മയ്ക്ക്
ഇരുട്ടു പകരുമീ ഞാൻ.
അമ്മ തന്നീടുമീ സ്നേഹ സൗന്ദര്യത്തിന്
പകരമീ ചുടുകണ്ണീരു മാത്രം
എൻ ജീവിത വഴിയെല്ലാം വെട്ടുമീ
അമ്മയ്ക്ക് വഴിയെല്ലാം മുടുമീ ഞാൻ

എനിക്കു വേണ്ടിയെൻ അമ്മ പൊഴിക്കുമീ
ജീവനാണെൻ കരുതൽ കൂടാരം.
കൂടാരങ്ങൾ തകർക്കുമീ ലഹരിതൻ
പക്ഷികൾ. അപ്പോഴും പ്രധിധ്വനിക്കുമീ
വെളിച്ചം

അഷ് വിൻ ഷാജ് ബി.എസ് 9A

# തീരാദു:ഖത്തിൽ അലിഞ്ഞുചേരുന്ന മകൾ

ഒരു ഗ്രാമത്തിൽ ഒരു സ്ത്രീയുണ്ടായിരുന്നു. നിറം മങ്ങിയ മെലിഞ്ഞ ശരീരമുള്ള ഒരു സ്ത്രീ.പൂച്ചയുടെ കണ്ണുകൾ പോലുള്ള കണ്ണ്.മുടി നന്നായി പിന്നിക്കെട്ടിയിരിക്കുന്നു. എന്തൊക്കെ പറഞ്ഞാലും അവളുടെ ജീവിതം വളരെ ദു:ഖത്തിലാണ്.മതാപിതാക്കൾ അവളെ ഉപേക്ഷിച്ചു പോയി അതിനു ശേഷം മുത്തശ്ശിയാണ് അവൾക്ക് എല്ലാം.ജനിച്ചകാലം മുതൽ അവൾക്ക് കൂട്ടായി മുത്തശ്ശിയേയുള്ളു.അവൾക്കിപ്പോൾ ഇരുപത്തിയൊന്ന് വയസ്സ് തികയുന്നു.അവളുടെ ജന്മദിനമാണ് നാളെ.തന്റെ കൂട്ടുകാരികളെയൊക്കെ വീട്ടിലേക്ക് ക്ഷണിച്ചു.പിറ്റേദിവസം അവൾ ജോലി കഴിഞ്ഞ് തിരിച്ചു വരുമ്പോൾ കാണുന്നത് താൻ അത്രയേറെ സ്നേഹിച്ചിരുന്ന മുത്തശ്ശി മരിച്ചു കിടക്കുന്നതാണ്. "എനിക്ക് ഈ സന്താഷ ദിനത്തിൽ തന്നെ ഈ സങ്കടം തന്നല്ലോ ദൈവമ്മേ" അവൾ പൊട്ടിക്കരഞ്ഞു.മുത്തശ്ശി എന്തിനാ എന്നെ വിട്ടുപോയത്.അവൾ മുത്തശ്ശിയെ കെട്ടിപ്പിടിച്ച് കരഞ്ഞു അപ്പോഴാണ് അവളുടെ പിറന്നാൾ സമ്മാനവുമായി കൂട്ടുകാരികൾ വരുന്നത് കാണുന്നത്.വിവരം അറിഞ്ഞ കൂട്ടുകാരികൾക്ക് സങ്കടമായി.

ദിവസങ്ങൾ
കടന്നുപോയി.ഇപ്പോൾ
അവൾ ഒരു
ഭ്രാന്തിയെപ്പോലെ
അലഞ്ഞുനടക്കുകയാണ്.മു
ത്തശ്ശിയില്ലാത്ത ലോകത്ത്
തനിക്ക് ജീവിക്കേണ്ടെന്ന്
കത്തെഴുതിവെച്ച് ഒരു
ദിവസം അവൾ
ആത്മഹത്യ ചെയ്യാൻ
ശ്രമിച്ചു.ഭാഗ്യത്തിന്
നാട്ടുകാരാരോ
കണ്ടതുകൊണ്ട് അവൾക്ക്
അപകടമൊന്നും
സംഭവിച്ചില്ല.

ഒരു ദിവസം കൂട്ടുകാരി
അവളെ
ഓർമിപ്പിച്ചു.ജനിക്കുകയും
മരിക്കുകയും
ചെയ്യുന്നതാണ്
ജീവിതം.ജീവിതത്തിൽ
എന്നും ഒരാൾ
കൂടെയുണ്ടാവുമെന്നുറപ്പ്
പറയാനാവില്ല.

എത്രകാലം വരെ നമ്മൾ
ജീവിക്കുമെന്ന് ഒരാൾക്കും
മുൻകൂട്ടി
പറയാനാവില്ല.മനുഷ്യൻ
മാത്രമല്ല ലോകത്തുള്ള
എല്ലാ ജീവജാലങ്ങളും
ഒരിക്കൽ മരിക്കും.
കൂട്ടുകാരി പറഞ്ഞ
വാക്കുകൾ മനസ്സിലാക്കിയ
അവൾ മുത്തശ്ശിയുടെ
ഓർമ്മയിൽ പഴയതു
പോലെ ജീവിച്ചു എങ്കിലും
തന്റെ മുത്തശ്ശിയുടെ
ഓർമ്മകൾ അവളെ
അലട്ടുന്നുണ്ടായിരുന്നു.

**അയന 8B**

# കുറുമ്പൻ ഉറുമ്പ്

കണ്ടോ കുഞ്ഞനുറുമ്പ്
കുറുമ്പനുറുമ്പിൻ വമ്പ്
ചുണ്ടിൽ വാക്കിൻ വീമ്പ്
മണ്ട നിറച്ചു കുറുമ്പ്
ആനക്കൊമ്പിൽ കേറി
ആടിയതോർക്കും മുമ്പ്
ആനമദത്തിൻ മുമ്പിൽ
ആധിപ്പിടിച്ചോൻ,ഉറുമ്പ് !

**ഹരിദേവ് സി** 9B

# ഓർമ്മകൾക്കപ്പുറം

**പ**ണ്ട് നാരായണീയം എന്ന ഒരു തറവാട് ഉണ്ടായിരുന്നു. അവിടെയുള്ള എല്ലാവരും സന്തോഷത്തോടെയും സൗഹാർദത്തോടെയുമാണ് ജീവിച്ചിരുന്നത്. ഒരു കൂട്ടുകുടുംബമായാണ് അവർ ജീവിച്ചിരുന്നത്. അവിടെ പാർവതി എന്ന് പേരുള്ള ഒരു കുട്ടി ഉണ്ടായിരുന്നു. എല്ലാവരും അവളെ അമ്മു എന്നാണ് വിളിത്തിരിന്നത്. എന്തെന്നില്ലാത്ത ഒരു പ്രത്യേക ചൈതന്യമാണ് അവൾക്ക്. അമ്മുവിന് നാടൻ രീതികളോടാണ് പ്രിയം. അമ്മുവിന്റെ അച്ഛനും അമ്മേയും വളരെ കർക്കശക്കാരായിരുന്നു. അതുകൊണ്ട് തന്നെ അമ്മുവിന് അച്ഛനോടും അമ്മയോടുമ്മുള്ള സ്നേഹത്തേക്കാൾ കൂടുതൽ സ്നേഹം അവളുടെ മുത്തച്ഛനോടും മുത്തശ്ശിയോടുമായിരുന്നു. അമ്മുവിൻ്റെ മുത്തശ്ശി അമ്മുവിന് ഒരുപാട് കുട്ടികഥകളും മറ്റും പറഞ്ഞ് കൊടുക്കും.അവൾക്ക് ഇഷ്ടപ്പെട്ട ഭക്ഷണങ്ങളെല്ലാം മുത്തശ്ശി ഉണ്ടാക്കികൊടുക്കും.മുത്തശ്ശ ൻ അമ്മുവിനെ ഉത്സവ ചന്തകളിലും മറ്റും കൂട്ടികൊണ്ടുപോയി അവൾക്ക് ഇഷ്ടപ്പെട്ട വസ്തുക്കളൊക്കെ വാങ്ങി കൊടുക്കും.അമ്മു അഞ്ചാം ക്ലാസ്സിലാമ് പഠിക്കുന്നത്.ഒരു ദിവസം അമ്മുവിന്റെ വീട്ടിൽ പോസ്റ്റ്മാൻ ഒരു കത്ത് ൻൽകി.ആ കത്തിൽ എന്താണെന്നറിയാൻ അമ്മുവിന് വളരെ ഉത്സാഹമായിരുന്നു.അമ്മു വിന്റെ അച്ഛൻ ആ കത്ത് പൊട്ടിച്ചു വായിച്ചു.അതു കേട്ടതോടെ അമ്മുവിന്റെ

ഉത്സാഹമെല്ലാം
പോയി.അമ്മുവിന്റെ
അച്ഛൻ ഒരു കമ്പിനിയിലെ
സ്റ്റാഫായിരുന്നു.ആ
കത്തിൽ അമ്മുവിന്റെ
അച്ഛന് മറ്റൊരു
സ്ഥലത്തേക്ക് ട്രാൻസ്ഫർ
ആണ്
എന്നായിരുന്നു.പിറ്റേ
ദിവസം അവർ
ഡൽഹിയിലേക്ക് പോകാൻ
തീരുമാനിച്ചു.ഡൽഹിയിലേ
ക്കാണ് ട്രാൻസ്ഫർ എന്ന്
മുത്തശ്ശനാണ്
അമ്മുവിനോട്
പറഞ്ഞത്.അവൾക്ക്
വളരെ
വിഷമമായി.കാരണം
അവൾക്ക് ഒട്ടും
ആഗ്രഹമുണ്ടായിരുന്നില്ല
ആ ഗ്രാമവും മുത്തശ്ശിയേയും
മുത്തശ്ശനേയും വിട്ട്
പോകാൻ.അങ്ങനെ അന്ന്
രാത്രി വേണ്ട
സാധനങ്ങളെല്ലാം പാക്ക്
ചെയ്തു.അമ്മു അമ്മയോടും
അച്ഛനോടും ഒരുപാട്
പറഞ്ഞുനോക്കി അവൾക്ക്
വരാൻ
താത്പര്യമില്ലെന്ന്.പക്ഷേ

അവർ അതിന്
സമ്മതിച്ചില്ല.അങ്ങനെ
അവർ പിറ്റേ ദിവസം
ഡൽഹിയിലേക്ക്
പുറപ്പെട്ടു.അവർ
തീവണ്ടിയിലാണ് യാത്ര
ചെയ്തത്.രണ്ട്
ദിവസത്തിനകം അവർ
ഡൽഹിയിലെത്തി.പക്ഷേ
അമ്മുവിന് ഒരു ഉത്സാഹവും
ഉണ്ടായിരുന്നില്ല.അവർ
അവിടെ ഒരു
ഫ്ലാറ്റെടുത്തു.അന്ന് രാത്രി
അമ്മു ഒരുപാട്
കരഞ്ഞു.അങ്ങനെ ഒരു
മാസം കഴിഞ്ഞു.അവൾ
പഠിക്കുന്ന സ്ക്കൂളിൽ
പരീക്ഷ തുടങ്ങാറായി.
അവൾ നാടിനെ ഓർത്ത്
ഒരുപാട് കരഞ്ഞു.പരീക്ഷ
കഴിഞ്ഞ് റിസൾട്ട്
വന്നു.എല്ലാ വിഷയത്തിലും
അമ്മുവിന് കുറഞ്ഞ
മാർക്കായിരുന്നു.അമ്മുവി
നെ അച്ഛനും അമ്മയും ഒരു
പാട്
വഴക്കുപറഞ്ഞു.അങ്ങനെ
അവർ നാട്ടിലേക്ക് യാത്ര
തിരിച്ചു.അമ്മുവിന്
പരീക്ഷയിൽ മാർക്ക്

കുറഞ്ഞ വിഷമം
ഉണ്ടായിരുന്നെങ്കിലും
നാട്ടിലേക്ക് പോവുകയാണ്
എന്ന് കേട്ടപ്പോൾ വളരെ
സന്തോഷമായി.അങ്ങനെ
അവർ നാട്ടിലെത്തി.അഞ്ച്
ദിവസം അവർ നാട്ടിൽ
നിന്നു.അവർ തിരിച്ചു
പോകാൻ ആയപ്പോൾ
അമ്മു കുറേ
കരഞ്ഞു.യാത്രയാക്കാൻ
മുത്തച്ഛനും മുത്തശ്ശിയും കൂടെ
പോയിരുന്നു.അമ്മു കുറേ
പറഞ്ഞു അവൾ വരുന്നില്ല
എന്ന് പക്ഷേ അമ്മുവിനെ
കൂട്ടി അച്ഛനും അമ്മയും
ബസ് കയറാൻ
പോയപ്പോൾ അമ്മു തിരിച്ച്
മുത്തശ്ശന്റെ അടുത്തേക്ക്
ഓടി.ഇത് കണ്ട് അച്ഛൻ
ബസിൽ നിന്ന് ഇറങ്ങി
അമ്മുവിനെ
വിളിച്ചു.എതിർവശത്തു
നിന്ന് വരുന്ന കാർ കണ്ട്
അച്ഛൻ അമ്മുവിനോട്
കാർ വരുന്നുണ്ടെന്ന്
പറഞ്ഞ് അടുത്തേക്ക്
ഓടിയെങ്കിലും അമ്മുവിനെ
കാർ
ഇടിച്ചിരുന്നു.അമ്മുവിനെ
പെട്ടെന്ന് ആശുപത്രിയിൽ
എത്തിച്ചു.അവളുടെ
അച്ഛനും അമ്മയും
മുത്തച്ഛനും മുത്തശ്ശിയുമെല്ലാം
കുറേ കരഞ്ഞു.ആ സമയത്ത്
ഡോക്ടർ അമ്മുവിന്റെ
അച്ഛനോട് പറഞ്ഞു
അവൾക്ക് രക്തം
കൊടുക്കണമെന്ന്.ഉടനെ
അമ്മുവിന്റെ മുത്തശ്ശൻ
അവൾക്ക് രക്തം
കൊടുക്കാൻ
തയ്യാറായി.കുറച്ച് സമയം
കഴിഞ്ഞ്  ഡോക്ടർ പറഞ്ഞു
അമ്മുവിന് കുഴപ്പം
ഒന്നുമില്ല.അത്
കേട്ടപ്പോഴാണ്
എല്ലാവർക്കും
അശ്വാസമായത്.
അമ്മുവിന്റെ അച്ഛൻ
അവളുടെ അമ്മയോടു
പറഞ്ഞു.ഞാൻ കാരണം
ആണ് അമ്മുവിന് ഈ
അവസ്ഥ വന്നത്. അതു
കൊണ്ട് അമ്മു
മുത്തച്ഛന്റെയും
മുത്തശ്ശിയുടെയും കൂടെ
നാട്ടിൽ
നിന്നോട്ടെ.അവളുടെ
സന്തോഷമാണ് നമ്മുടെ
സന്തോഷം.അമ്മുവിന്റെ

അമ്മയ്ക്ക് അത് കേട്ടപ്പോൾ
സങ്കടമായെങ്കിലും അതിന്
സമ്മതിച്ചു.രണ്ട്
ദിവസത്തിന് ശേഷം
അമ്മുവിനെ ഡിസ്ചാർജ്ജ്
ചെയ്ത് വീട്ടിലേക്ക് കൊണ്ടു
വന്നു.അച്ഛനും അമ്മയും
മൂന്ന് ദിവസം കൂടി നാട്ടിൽ
നിന്ന് നാലാം ദിവസം
തിരിച്ച് ഡൽഹിയിലേക്ക്
യാത്ര തിരിച്ചു.അമ്മുവിന്
അച്ഛനെയും അമ്മയെയും
വിട്ട് പിരിയുന്നതിൽ
വിഷമമുണ്ടെങ്കിലും
മുത്തച്ഛനെയും
മുത്തശ്ശിയെയും കുറിച്ച്
ഓർത്തപ്പോൾ അവൾക്ക്
സന്തോഷം തോന്നി.പിന്നീട്
അവൾ നാട്ടിൽ പഴയതു
പോലെ ജീവിച്ചു,

**മാളവിക 8B**

# പാത്തുമ്മയുടെ ആട്

വായനാകുറിപ്പ്

"
**ഞാ**ൻ വായിച്ച ഒരു പുസ്തകമാണ് "പാത്തുമ്മയുടെ ആട്'' വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ കഥയാണ് ഇത്.ഇത് ഒരു സാഹിത്യ കൃതിയാണ്.ബഷീർ എന്ന കഥാകാരനെ വളരെ പ്രസിദ്ധനായ ഒരു നോവലിസ്റ്റായി മാറ്റുന്നതിൽ ഈ കഥ വളരെ  വലിയ പങ്ക് വഹിച്ചിട്ടുണ്ട്.1959ൽ പ്രസിദ്ധീകരിച്ച ഈ നോവലിന് "പെണ്ണുങ്ങളുടെ ബുദ്ധി" എന്ന ഒരു പേരും ഗ്രന്ഥ കർത്താവ് നിർദ്ദേശിച്ചിരിക്കുന്നു.ബഷീറിന്റെ അമ്മയും കുഞ്ഞും സഹോദരങ്ങളും അവരവരുടെ ഭാര്യമാരും കുട്ടികളും അടങ്ങിയ ഒരു കുടുംബം ആയിരുന്നു.ഒരു ചെറിയ വീട്ടിൽ ഒരുമിച്ചാണ് അവർ കഴിഞ്ഞിരുന്നത്. അവിടെ നടക്കുന്ന  ദൈനം ദിന സംഭവവികാസങ്ങൾ തന്റെ തനത് ശൈലിയിൽ വിവരിച്ചിരിക്കുകയാണ് ഈ നോവലിൽ.നോവലിലെ പ്രധാന കഥാപാത്രമാണ് പാത്തുമ്മ.കഥയുടെ പേര് സൂചിപ്പിക്കും പോലെ തന്നെ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് ഈ കഥ. ഇത് വളരെ നല്ല ഒരു കുടുംബ കഥയാണ്.

**മുഫ്‌ലിഹ.എൻ  9A**

# തിരികൾ

അണയാത്ത തിരികൾ
അണയാത്ത തിരികൾ.......

നീണ്ടൊരു ജീവിതം പോൽ
അണയാത്ത  തിരികൾ
ഉരുകുന്ന മനസ്സിന്റെ
വെളിച്ചമാം  തിരികൾ.......

മനസ്സിൽ ഇരുട്ടിനെ
മായിച്ച  തിരികൾ
ജ്വലിക്കുന്ന മനസ്സിന്റെ
വരികളും തിരികൾ
ജീവിത പാതയുടെ
സ്വപ്നമാം തിരികൾ
രക്തമാം  തിരികൾ.......
ശക്തമാം തിരികൾ.......

തിരികൾ തിരികൾ
അണയാത്ത തിരികൾ
തിരികൾ....... തിരികൾ.......
എരിയുന്ന  തിരികൾ.......

അദീന.കെ.എം  8B

# ഒരു മുഴം കയറിൽ

# ഒട്ടുങ്ങിയ ജീവിതം

സന്തോഷവും സമാധാനവും ഉള്ള ആ ജീവിതം അവർക്ക് വളരെ രസകരമായിരുന്നു.അമ്മയും രണ്ടു അനുജത്തിമാരും അച്ഛനും ചേട്ടനും ചേർന്ന ആ കുഞ്ഞു ജീവിതം മഞ്ജുവിന് വളരെ സന്തോഷപൂർണ്ണമായിരുന്നു. പത്താം ക്ലാസിൽ പൂർണ്ണ മാർക്കോടെ വിജയിച്ച് നല്ല നിലയിൽ പ്ലസ് വണ്ണിലെത്തി.ഫോൺ കിട്ടി.കുറച്ച് കാലത്തിനു ശേഷം ഇൻസ്റ്റ,വാട്സാപ്പ്, ഫേസ്ബുക്ക് തുടങ്ങിയതിലെല്ലാം അവൾ ആഴ്ന്നുതുടങ്ങി.പ്ലസ് വണ്ണിലെ ഒന്നാം പരീക്ഷയുടെ മാർക്ക് വന്നു.അത് അവൾ അമ്മയെ കാണിക്കാൻ തയ്യാറായില്ല.പിറ്റേദിവസം അമ്മയെ മാഷ് വിളിച്ചു.മകളുടെ മാർക്ക് നില പറഞ്ഞു. ഫോൺ കിട്ടിയതും മകൾ പഠിപ്പ് വിട്ടു എന്ന് അമ്മക്ക് മനസ്സിലായി.വൈകിട്ട് അവൾ വന്നു ഭക്ഷണം കഴിക്കുമ്പോൾ അമ്മ അവളോട് സംസാരിച്ചു.അമ്മ ഒരുപാട് ചീത്ത പറഞ്ഞു.അവൾ ഭക്ഷണം വലിച്ചെറിഞ്ഞ് റൂമിലേക്ക് പോയി വാതിലടച്ച് കിടന്നു. അമ്മക്ക് ഉറക്കം വന്നില്ല. പിറ്റേന്ന് അവൾ ഫോണിന് വേണ്ടി വീട് അരിച്ചുപെറുക്കി.ഒരു സ്ഥലത്തും ഇല്ല. അമ്മയോട് ചോദിച്ചു. അമ്മ പറഞ്ഞു ഞാൻ കണ്ടില്ല. അച്ഛൻ പറഞ്ഞു ഞങ്ങൾ നിൻറെ

കാര്യത്തിൽ ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. ഇനി നിനക്ക് ഫോൺ തരില്ല.അവൾ വീട്ടിൽ നിന്നും ഇറങ്ങിപ്പോയി.രണ്ട് ദിവസം കഴിഞ്ഞു. അവൾ വീട്ടിൽ എത്തിയില്ല. ഇടയ്ക്ക് അച്ഛൻ ഒരു ആൺകുട്ടിയുടെ കൂടെ അവളെ കണ്ടു. അമ്മേ വീട്ടിൽ നിന്ന് കരച്ചിലാണ്.പിറ്റേന്ന് അവൾ വീട്ടിലെത്തി. എന്തോ അസ്വസ്ഥത അവളിൽ കാണുന്നുണ്ട്. അച്ഛനും അമ്മയും എത്ര ചോദിച്ചിട്ടും അവൾ മിണ്ടിയില്ല. റൂമിൽ പോയി വാതിലടച്ച് കിടന്നു.കുറച്ച് കഴിഞ്ഞ് അമ്മ വാതിൽ തുറന്നു,അപ്പോൾ കണ്ട കാഴ്ച്ച അമ്മയെ തളർത്തിക്കളഞ്ഞു.ഒരു കത്തിയെടുത്ത് കുട്ടി ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു. അമ്മ അവളുടെ അവളുടെ അടുത്തുപോയി ഒരൊറ്റത്തട്ട്. എന്നിട്ട് അമ്മ പൊട്ടിക്കരഞ്ഞു.അമ്മയുടെ കരച്ചിൽ കണ്ട് അവളും കരയാൻ തുടങ്ങി.അവളെ എല്ലാവരും കാര്യങ്ങൾ പറഞ്ഞുമനസ്സിലാക്കി. പക്ഷേ എന്തിനാണ് ആത്മഹത്യയ്ക്ക് ശ്രമിച്ചത് എന്ന് പറഞ്ഞില്ല. രണ്ട് മാസത്തിനകം അവൾ പഴയതു പോലെയായി. സന്തോഷം ആ വീട്ടിൽ കാലുകുത്തി. പക്ഷേ എപ്പോഴും എന്തോ ഒന്ന് അവളെ അലട്ടുന്നതായി അമ്മേയ്ക്ക് തോന്നി. അവളോട് ചോദിക്കുമ്പോഴൊക്കെ കരച്ചിലല്ലാതെ മറുപടിയൊന്നും ഇല്ല. ഒരുപാട് കാലം കഴിഞ്ഞ് മഞ്ജുവിൻറെ വിവാഹം ഉറപ്പിച്ചു. അവളുടെ വിവാഹം ആഹ്ലാദത്തോടെ പൂർണ്ണമായി കഴിഞ്ഞു.മൂന്നു മാസത്തിനു ശേഷം അവൾ ഗർഭിണിയായി. സന്തോഷത്തോടെ ഭർത്താവിൻറെ ഒപ്പം

കഴിഞ്ഞിരുന്ന ആ
വീട്ടിലേക്ക് ഒരു
അജ്ഞാതൻ കടന്നുവന്നു.
ആരാണെന്നാർക്കുമറിയി
ല്ല മഞ്ജു ഒഴിച്ച്,വൈകാതെ
അതാരാണെന്ന്
അവളുടെ ആദ്യകാല
അവിഹിതമാണെന്ന്.
അവൾ ഓടിച്ചെന്ന്
കട്ടിലിൽ കമിഴ്ന്ന് കിടന്നു.
തന്നെ പൊന്നുപോലെ
സ്നേഹിച്ച ദർത്താവും ആ
കഥയറിഞ്ഞു .ഇനി
ജീവിച്ചിരുന്നിട്ട് കാര്യമില്ല
എന്ന് അവൾ
മനസ്സിലാക്കി.ഒരു മുഴം
കയറെടുത്ത് ആ കയറിൽ
തൻറെയും തൻറെ
കുഞ്ഞിൻറെയും
ജീവനൊടുക്കി. അവിടെ
സങ്കടത്തിൻറെ
നാളുകളായി.പണ്ട് അവൾ
എന്തിനാണ്
ആത്മഹത്യക്ക് ശ്രമിച്ചത്
എന്ന് അമ്മയ്ക്ക്
മനസ്സിലായി.

# ഒരു ദിവസം

നിറ മനസ്സോടെ പടിയിറങ്ങി
നിറ പുഞ്ചിരിയോടെ നടന്നകന്നു
സൂര്യന്റെ ശോഭയിൽ പ്രരിപ്പോടെ
പ്രകൃതി തൻ മടിയിലേക്കിറങ്ങി
പൊടുന്നനെ കണ്ണിനെ സ്പർശിച്ച വൃദ്ധ-
ക്കരികിൽ ചെന്നു ഞാൻ കൈ പിടിച്ചു.
ആ മുഖവാടിയിൽ വിരിഞ്ഞ
ചിരിയെന്ന പുഷ്പ്ത്തെ ഞാനെടുത്തു.
സ്നേഹം നിറഞ്ഞൊരാ കണ്ണുകളിൽ
നിന്നൊരിറ്റു മിഴിനീരെന്റെ
വിരൽത്തുമ്പിൽ വന്നു നിന്നു
ഒരായുസ്സിനു വേണ്ടിയ ഗുരുത്വം
അതിൽ നിന്നെനിക്കു തന്നു.
ദൈവാനുഗ്രഹം വന്നു നിറയട്ടെ
പ്രാർത്ഥനയിൽ ഞാനലിഞ്ഞു.
സ്നേഹമാണുന്നതമെന്നു മൊഴിഞ്ഞു തലോടി
ആ തലോടലിൽ ശക്തിയിൽ
പിന്നീട് ഞാൻ നടന്നു.

റന ഫാത്തിമ 9A

# മാന്ത്രികഗുഹ

ഡിക്കു എന്ന കഴുതക്കുട്ടി ചേട്ടൻ ജിക്കുവിനോടൊപ്പം ഒരു ദിവസം കാട്ടിലൂടെ നടക്കുകയായിരുന്നു.അപ്പോഴാണ് ഒരു മരത്തിലിരുന്ന് ഒരു കിളി പാട്ടുപാടുന്നത് കേട്ടത്.ഡിക്കു പറഞ്ഞു"ചേട്ടാ ആ കിളിയെപ്പോലെ എനിക്കും പാടണം!"അതൊരുവല്ലാത്ത മോഹമായിരുന്നുവെന്ന് ജിക്കുവിനറിയാം.കാരണം ഡിക്കുവിന് പാടാൻ ഒന്നും അറിയില്ല.ഒന്നാലോചിച്ച് ജിക്കു പറഞ്ഞു"നിനക്ക് അത്ര മോഹമാണെങ്കിൽ ഒരു വഴിയുണ്ട്.മാന്ത്രികഗുഹയിൽ കയറുക,മാന്ത്രികഗുഹയിൽ കയറി എന്ത് ആഗ്രഹം പറഞ്ഞാലും അത് സാധിക്കും.പക്ഷെ ഒരു ഒറ്റ ആഗ്രഹമേ ചോദിക്കാവൂ എന്ന് മാത്രം".

അങ്ങനെ അവർ മാന്ത്രികഗുഹയുടെ മുന്നിലെത്തി.അകത്തു കയറി"നിന്റെ ആഗ്രഹം പറഞ്ഞോ" ജിക്കു ഡിക്കുവിനെ ഗുഹയിലേക്ക് കയറ്റി വിട്ടു.അൽപം കഴിഞ്ഞ് അവൻ തുള്ളിച്ചാടി പുറത്തെത്തി.എന്നിട്ടോ? കുരങ്ങൻ കയറുന്നതുപോലെ ഒരു മരത്തിലേക്ക് ഓടിക്കയറി! അവിടെയിരുന്ന് പാട്ടും തുടങ്ങി. കേട്ടാൽ ആരും ചെവി പൊത്തുന്ന പാട്ട്."ഡേ......... നീ ഗുഹയിൽ കയറി എന്താ ചോദിച്ചത്". ജിക്കു ചോദിച്ചു.അവൻ പറഞ്ഞു."കിളിയെ പോലെ പാടണമെങ്കിൽ ആദ്യം മരംകേറണ്ടേ.....? അതാ ഞാൻ ചോദിച്ചത്". അവന്റെ പാട്ട് കേൾക്കാൻ വയ്യാതെ ജിക്കു ഓടിപ്പോയി.

**ഹരിദേവ്.സി 9B**

# Curious Baby Camel

Long Long ago In the desert of Sahara a group of camel is walking to find water one of the mother camel among them is carrying a baby inside. They walked for several meters and at last they saw a date tree and they thought that ' let's rest for a while and later continue the journey in search of water. When they were talking to each other and getting rest suddenly a group of humans come and catch them all and take with them

Several months later the female camel gave birth a beautiful healthy baby boy camel. It always our around in wonder and so much curiosity about this world. One day baby camel asked his mother 'Mother why do we have humps on our back?' The mother replied that it is because we stores water in it for us to move in desert with out being thirst. The baby camel then said ' oh so why do we have is our feet is long and round.? The mother than said' because it is specially designed by good walk in desert easily. Baby camel again asked oh.. so why is our eyes from the sandy wind replied. So we have humps to store water because in desert there low water and lashes to protect eyes from sand during sand storm. This wall thing are for living in desert so what are we doing in a zoo. The baby askedThe mother and other camel look at baby with open widely eyes in shock ofrealization

Moral:- your knowledge and strength are useless if you don't use it in the right place.

Fathima Hanna 9A

# ആ ഒരു നിമിഷം

മാനം കറക്കുന്നു, കരിമേഘകെട്ടഴിയുന്നു
മഴ വന്നു കൊഞ്ചിയ നേരത്താരോ
മഴയുടെ പിന്നാലെ വന്നു വിളിക്കുന്നു
ഞാൻ ജാലകം മെല്ലേ തുറന്നപ്പോൾ
മണ്ണിൽ സുഗന്ധവും പേറിക്കൊണ്ടതാ
ഇളം കാറ്റ് ഓടി കയറുന്നു.

എന്റെ കാതിൽ എന്തോ മൊഴിഞ്ഞുക്കൊണ്ടതാ
കുണുങ്ങി കുണുങ്ങി അകലുന്നു
മഴ നൂലുക്കൊണ്ടു മലർ കോർത്തെടുത്തു
ഇടിമിന്നലതാ പ്രകാശം ചൊരിയുന്നു
തളിരില തളരുമി കൊടും വേനലിൽ
ഒരു പിടി സാന്ത്വനം വാരിക്കൊടുക്കുവാൻ
വന്നതാണോ പൂമഴയേ.
തോരാമഴയിൽ തുവലാൽ തഴുകാനോ
തോരാമാരിയിൽ തഴുകിയുറക്കാനോ
നീ വരുന്നതെൻ ഇളം കുളിർ തെന്നലേ
ആനന്ദനൃത്തം കഴിഞ്ഞു മടങ്ങുമ്പോൾ
ആയിരം കണ്ണിന് കുളിർമ്മ ചൊരിയാനോ
ഏഴഴകുള്ളൊരു മഴവില്ലിനെ ഇവിടെ
വിട്ടുപോകയാണോ എൻ
പ്രിയ കൂട്ടരേ.....

**ഹിദരാജ.കെ 9A**

# കാക്കയും കോഴിയും

ഒരിക്കൽ രണ്ടു കോഴിയമ്മ കാട്ടിൽ താമസിക്കുകയായിരുന്നു. ഇവർ വളരെ സങ്കടത്തിലായിരുന്നു. കാരണം ഇവരുടെ കൂട്ടുകാരൻ തന്നെയായ പാമ്പ് കോഴിയിടുന്ന മുട്ടയെല്ലാം മോഷ്ട്ടിക്കുമായിരുന്നു പക്ഷെ ഇതൊന്നും അവർ അറിഞ്ഞിരുന്നില്ല.എന്നാൽ ഇതൊക്കെ കണ്ടു നിൽക്കുന്ന ഒരു കാക്ക ഉണ്ടായിരുന്നു.അങ്ങനെ ഒരു ദിവസം കാക്ക കോഴിയോട് ഈ കാര്യം പറഞ്ഞു.പക്ഷെ ഇതൊന്നും അവർ വിശ്വസിച്ചില്ല.അങ്ങനെ ഒരിക്കൽ പാമ്പ് മുട്ട മോഷ്ട്ടിക്കുന്നത് കോഴി കണ്ടു.പണ്ട് കാക്കപറഞ്ഞത്കേൾക്കാതിരുന്നതിൽ ഇവർക്ക് കുറ്റബോധം തോന്നി.പിന്നെ പാമ്പിന്റെ കണ്ണിൽപ്പെടാതെ അങ്ങ് ദൂരെയുള്ള ഏതോ ഒരു വലിയ കാട്ടിൽ പോയി മുട്ടയിട്ട് കുഞ്ഞുങ്ങളെ വളർത്തി സന്തോഷമായി അവർ ജീവിച്ചു.

**അനാമിക ആർ എസ്**

# മഴ ഇടി അടി

ഒരു ചെറുപൊടിമഴ ചാറ്റൽ മഴയായ്
ചാറ്റൽ മഴയത്ത് ചെറുമഴയായി
ചെറുമഴ പിന്നെ പെരുമഴയായി
പെരുമഴ പിന്നെ വൻമഴയായി
കാറ്റുമതൊപ്പം കോപം കൊണ്ടു
ക്രൂറ്റൻമിന്നലുമിടിയുമുണ്ടായി.
പുസ്തകമതിലെ താളുകൾക്കീറി
പുത്തൻ തോണിയതൊന്നുണ്ടാക്കി
പയ്യെതോണിയിറക്കുന്നേരം
പിറകേവന്നു അമ്മേം വടിയും
ചറപറ ചറപറ
അടിയും കിട്ടി !

ഹരിദേവ്.സി 7B

# പരിസ്ഥിതി ദിനാചരണ കുറിപ്പ്

ജൂൺ 5 ആണ് നാം ലോകപരിസ്ഥിതി ദിനമായി ആചരിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങളേക്കുറിച്ച് അവബോധം വരുത്താനും കർമ്മ പരിപാടികൾ നടപ്പിലാക്കാനുമാണ് നമ്മൾ ഈ ദിനം ആചരിക്കുന്നത്.ഭൂമിക്കുമേലുള്ള മനുഷ്യരുടെ കടന്നുകയറ്റം പ്രകൃതിയേ നാശത്തിലേക്ക് നയിക്കുകയാണ്.മനുഷ്യർ സ്വന്തം ആവശ്യങ്ങൾക്കായി പരിസ്ഥിതി നശിപ്പിക്കുന്നു. മുൻകാലങ്ങളിൽ കണ്ടിരുന്ന കാവുകൾ, കുന്നുകൾ, നെൽവയലുകൾ.... ഇവയെല്ലാം മനുഷ്യൻ കയ്യേറികൊണ്ടിരിക്കുകയാണ്. ഇതിൻറെ പ്രത്യഘ്യാതങ്ങൾ നാം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. പ്രകൃതിയിലെ ജീവജ്ജാലങ്ങൾ ഇന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. കുന്നിൻ ചെരുവുകളിലെ വൻമരങ്ങളും മറ്റും മൂലം ജീവജ്ജാലങ്ങൾക്ക് അവയുടെ ആവാസസ്ഥലങ്ങൾ ദിനം പ്രതി നഷ്ടപ്പെടുത്തികൊണ്ടിരിക്കുകയാണ്. അതിനാൽ പലജീവജ്ജാലങ്ങൾക്കും ഇന്ന് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ് മനുഷ്യന്റെ ക്രൂരമായ പ്രവർത്തികൾ കാരണം,മനുഷ്യൻ തന്നെയാണ്  പ്രകൃതിയെ

സംരക്ഷിക്കേണ്ടത്. മനുഷ്യൻറെ കടമയാണത്
മാനവരാശിയുടെ തുടക്കം തൊട്ടേ പ്രകൃതിയെ
ആശ്രയിച്ചാണ ജീവിക്കുന്നത് അതുകൊണ്ട് തന്നെ
പ്രകൃതിയെ സംരക്ഷിക്കേണ്ടത് അനിവാര്യമാണ്.
പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടാവണം നമ്മുടെ
ഓരോ ചുവടുകളും.

**റിതുവർണ്ണ 9A**

## ഓണാഘോഷങ്ങൾ....... ഒരോർമ്മ....

**ഓ**ണമായത് കൊണ്ട് എല്ലാവരും കൈയിൽ നിറയെ പൂക്കളുമായി നേരത്തെ തന്നെ എത്തിയിരുന്നു.സ്ക്കൂളിൽഎത്തിയതുംഎല്ലാവരു "ഓണാശംസകൾ എടീ.ഓണാശംസകൾ "ഹോ! എന്തൊരുസുഖമായിരുന്നത്.പിന്നെ..പിന്നെയല്ലേ...പരിപാടികൾ തുടങ്ങുന്നത്. ഒരു വലിയ പൂക്കളമായിരുന്നു കുട്ടികളുടെയും ടീച്ചർമാരു-ടെയും തീരുമാനം. എല്ലാ കുട്ടികളും കഴിവിന്റെ പരമാവധി പൂക്കൾ കൊണ്ടുവന്നു.പിന്നെ തുടങ്ങി പൂക്കൾ പിച്ചി പിച്ചിയിടൽ. അങ്ങനെ ടീച്ചർമാരും കുട്ടികളും എല്ലാം കൂടി പൂക്കളം ഇട്ടു തീർത്തു.ഒരു സുന്ദരപൂക്കളം പല നിറത്തിലുള്ള പൂക്കൾ കൊണ്ട് നിർമ്മിച്ച ഒരു വലിയ പൂക്കളം.കാണാൻ എന്തൊരു ഭംഗി. പൂക്കളത്തിന്റെ മുകളിലായി 'ഹാപ്പി ഓണം' എന്നും എഴുതി. അതും അടിപൊളിയായിരുന്നു.ഏഴാം ക്ലാസിലായിരുന്നു ഞങ്ങൾ പൂക്കളം ഇടാറ്. പൂക്കളത്തിന്റെ ചുറ്റുപാടുമുള്ള കൊഴിഞ്ഞ് പോയതും മറ്റുമായി പോയ എല്ലാ പൂക്കളും തൂത്തുവാരിക്കളയും.



അപ്പോഴാണ് ശരിക്ക് പൂക്കളം അടിപൊളിയായത്.ഒരു പത്ത്-പതിനൊന്ന് മണിയാകുമ്പോഴേക്കും രാധേച്ചിയുടെ നല്ല അടിപൊളി പായസം കുടിക്കും.അതും കൂടി





കുടിക്കുമ്പോഴേക്ക് ഒന്നുകൂടി ഉഷാറാവും.എല്ലാ കുട്ടികളും നല്ല പുതു പുത്തൻ വസ്ത്രമായിരിക്കും ധരിച്ചത്.കുട്ടികളുടെ വസ്ത്രം കൊണ്ട് തന്നെ സ്ക്കൂൾ ഒന്ന് നിറം വയ്ക്കും. ഓണത്തിനുള്ള എല്ലാ പരിപാടികളും ടീച്ചർമാർ പറയും മുമ്പ് എവിടെയെങ്കിലും ഒളിഞ്ഞ് നോക്കിയും എങ്ങനെയെങ്കിലും ഞങ്ങൾ അത് മനസ്സിലാക്കിയിരിക്കും.അന്ന് ഏറ്റവും വലിയ സന്തോഷം ഉച്ചക്കുള്ള ഭക്ഷണമാണ്.അങ്ങനെ ഒരു ഒന്നരയാകുമ്പോഴേക്കു ഞങ്ങൾ ഇലവിരിച്ച് അതിൽ ഓരോന്ന് ഓരോന്നായി വിളമ്പാൻ തുടങ്ങും.അവസാനമായി ചോറും ഇടും. പിന്നെ തുടങ്ങിയില്ലേ ..തട്ടാൻ. പിന്നെ പിടിവിട്ട തീറ്റി. ഓരോ വിഭവവും വീണ്ടും വേണമെന്ന് തോന്നും.അപ്പോൾ അത് വീണ്ടും വിളമ്പിത്തരാൻ പറയും. അങ്ങനെ വയറു നിറയെ കഴിക്കും.ഒരു വിശ്രമം കഴിഞ്ഞ ശേഷം മത്സരങ്ങൾ തുടങ്ങും. ലമൺ സ്പൂൺ,ആനയ്ക്ക് വാൽ വരുത്തൽ, സുന്ദരിക്ക് പൊട്ട് തൊടൽ അങ്ങനെ

പല കളികളും. കളികൾ കാണാനും കളിക്കാനും വളരെയധികം  ഇഷ്ടമാണ്എല്ലാവർക്കും . അങ്ങനെ കളികൾ അവസാനിക്കുമ്പോൾ ഇത്രമുതൽ ഇത്ര വരെ ഓണാവധിയാണ് എന്നെല്ലാം പറയും.അത് കേൾക്കുമ്പോൾ ചിലർക്ക് കൂട്ടുകാരെയും ടീച്ചറെയും മിസ്സ് ചെയ്യും. ചിലർക്ക് ആ പൂട്ട് സന്തോഷമുള്ളതായി-രിക്കും.ചിലർക്ക് സങ്കടമുള്ളതായിരിക്കും. അങ്ങനെ എല്ലാം അവസാനിച്ച് കുറെ പേർ നടന്നു പോവും.കുറെ പേർ രക്ഷിതാക്കളെ കൂടെ പോവും. ചിലർ ബസ്സ് കാത്ത് നിൽക്കും.പലരും പല രീതിയിലാണ് പോവുക.അന്ന് മുതൽ

# പ്രകൃതിയുടെ തിരിച്ചടി

ഈ ഭൂമിയിൽ പ്രകൃതിയെ ആശ്രയിക്കാതെ ഒരു ജിവജാലങ്ങൾക്കും ജിവിക്കാൻ കഴിയില്ല, കാരണം വായുവും വെള്ളവും വേണം ജിവജാലങ്ങൾക്ക് ജിവിക്കാൻ ആവശ്യമായ വായു  പ്രകാശസംശ്ലേഷണത്തിന്റെ ഭാഗമായാണ് ഉണ്ടാകുന്നത്.പച്ച നിറം നിറഞ്ഞ ചെടികളാണ് പ്രകാശസംശ്ലേഷണം നടത്തുന്നത്.വെള്ളവും,മണ്ണും സൂര്യപ്രകാശവുമാണ് ഇതിന്റെ പ്രധാന ഘടകങ്ങൾ അതുകൊണ്ട് തന്നെയാണ് മരങ്ങൾ വെട്ടിമാറ്റരുത് എന്ന് പറയുന്നത്. മരങ്ങൾ മണ്ണൊലിപ്പ് തടയും.കണ്ടൽക്കാട് സുനാമിയെ പരമാവധി തടയുന്നതാണ്. കുന്നിൻ മുകളിൽ  വലിയ കെട്ടിടങ്ങൾ നിർമിക്കുന്നത് മണ്ണിടിച്ചിലിന് കാരണമാകുന്നതാണ്. ചെടികൾ അന്തരീക്ഷത്തിലെ ഓക്സിജന്റെയും കാർബൺ ഡൈ ഓക്സൈഡിന്റെയും അളവ് നിലനിർത്തുന്നു. അന്തരീക്ഷത്തിലെ 70-80 വരേയുള്ള ഓക്സിജൻ ലഭിക്കുന്നത് ജലസസ്യങ്ങളായ ആൽഗയിലൂടെയാണ്. ഫാക്ടറിയിലൂടെ വരുന്ന മാലിന്യങ്ങൾ ജലാശയത്തിലെ ജീവികളെയും സസ്യങ്ങളെയും നശിപ്പിക്കാൻ കാരണമാകുന്നതാണ്.

ജലാശയങ്ങൾ മണ്ണിട്ട് മൂടാതിരിക്കുക.കാരണം
ശക്തമായ മഴ പെയ്താൽ വെള്ളത്തിന്
തങ്ങിനിൽക്കാൻ ഇടമില്ലാതാക്കിയാൽ
പ്രളയത്തിന് കാരണമാകുന്നതാണ്
മഴപെയ്തില്ലെങ്കിൽ വരൾച്ചയ്ക്ക് കാരണമാകുന്നതാണ്

അനുശ്രീ ബാബു 9A

# സങ്കടക്കണ്ണീർ

ദേഷ്യം കൊണ്ടു നീ കറുപ്പിച്ചു നിൻ മുഖം
സങ്കടം കൊണ്ടു കരച്ചിലായ്
അതിരില്ലാ സങ്കടത്തിനപ്പുറം നീ അലറി
വിളിച്ചു,പേടിപ്പിച്ചു.നേരം പുലരുമ്പോൾ
തെളിയും നിൻ മുഖം. കുട്ടികൾ നോക്കി
രസിക്കും മുഖം.നിൻ കുഞ്ഞ് നക്ഷത്രം
കരയുന്നതാ എന്ന് പലരും പറഞ്ഞു
പരത്തുന്നതാ നിൻ സങ്കടം തീരുന്നില്ലാ
എന്നറിയാം പലർക്കും.ജൂൺ മാസത്തിൽ
നിനക്ക് സങ്കടം ക്രൂടും ജനുവരിയിൽ
അത് കുറയുകയും നീ പലർക്കും
തണലേകുന്ന നിനക്ക് തണലേകാൻ
ആരുമില്ലതാൻ. സങ്കടം നിർത്തു നീ
അതിരില്ലാ സന്തോഷം ഉണർത്തു.

**ലിയ ഫെമിൻ 9A**

# വനാന്തരങ്ങൾ പിന്നിട്ട്

# മൈസൂരിലേക്ക്



ഇതൊരു
വെറും യാത്രയല്ല
എനിക്ക് ആഗ്രഹം
ഉള്ള സ്ഥലം
കാണാൻ പോകുന്ന
യാത്രയാണ്.
ഏകദേശം
കാലത്ത് മണിക്ക്
ഞങ്ങൾക്ക് സഞ്ച
രിക്കാനുള്ള വാഹനം
എത്തി. ഈ യാത്ര
ബന്ദിപ്പൂർ വനാന്ധ
രങ്ങളി ലേക്കാണ്.
കുടുബസമേതം
ഞങ്ങൾ
യാത്രതിരിച്ചു.ഏതാ
ണ്ട് 3 മണിക്കൂർ
കേരളവും കടന്ന്
കർണാടകയുടെ
അധികാരത്തിലുള്ള
ബന്ദിപ്പൂരിലേക്ക്.
പ്രഭാതത്തിലെ
കോടമഞ്ഞിനിടെയി
ലൂടെ സൂര്യന്റെ ഇളം
ചൂടുമേറ്റ് ഞങ്ങൾ
വയനാട് ചുരമെന്ന
കോഴിക്കോട്ടുകാരുടെ
ചുരത്തിലൂടെ
പഴശ്ശിരാജയുടെ
നാട്ടിലേക്ക്
കയറിക്കൊണ്ടിരിക്കു
ംതോറും ഞങ്ങളെ
കാത്ത് പ്രകൃതി
ഭംഗികൾ
നിൽക്കുന്നുണ്ടായിരു
ന്നു.
കുരങ്ങൻമാരുടെയും
പക്ഷികളുടെയും
കാഴ്ച്ച കണ്ട് ചുരം
യാത്ര വളരെ
മനോഹരമായിരിക്കു
ന്നു. ഇനി ഉള്ള 2
മണിക്കൂർ
വനത്തിലൂടെ ഉള്ള
യാത്ര.
അതുകഴിഞ്ഞ്
കർണാടക
സർക്കാരിന്റെ
വണ്ടിയിൽ
ബന്ദിപ്പൂർ
കാട്ടിലേക്ക്.
അതുകഴിഞ്ഞ് ടിപ്പു
സുൽത്താന്റെയും
പലപല
രാജാക്കന്മാരുടെയും
വാണിജ്യ കേന്ദ്രമായ
മൈസൂരിലേക്കാണ്
യാത്ര. ഞങ്ങൾ
കേരള
സർക്കാരിന്റെ
മുത്തങ്ങ
വനത്തിലേക്ക്
കടന്നു അവിടെ
ഞങ്ങളെ
സ്വീകരിക്കാൻ മാൻ
കൂട്ടവും ആനക്കൂട്ടവും
ഉണ്ടായിരുന്നു.
വനത്തിന്റെ ഭംഗി
അസ്വദിച്ച് ചെറിയ
ചാറ്റൽ മഴയെ
വെട്ടിച്ച് ഞങ്ങൾ
യാത്ര
തുടർന്നു.

പിന്നീട് ഞങ്ങൾ
കർണാടക സർക്കാ
രിന്റെ

അതിർത്തിയിലുള്ള വനമേഖലയിലേക്ക് കടന്നു അവിടെയും ഞങ്ങളെ സ്വീകരിക്കാൻ മാൻ കൂട്ടവും ആനക്കൂട്ടവും പന്നി കൂട്ടവും ഉണ്ടായിരുന്നു അവരവിടെ പുൽ മേഞ്ഞ് നടക്കുന്ന കാഴ്ച കാണാൻ തന്നെ നല്ല ഭംഗി ആണ്. ഞങ്ങൾ ബന്ദിപ്പൂർ സഫാരി പോയിന്റിൽ എത്തി. അവിടെ നമ്മുടെ കേരള സർക്കാരിന്റെ മിൽമയുടെ ചൂട് ചായ കുടിച്ച് ഞങ്ങൾക്ക് പോകാനുള്ള ബസ്സിനുവേണ്ടി കാത്തിരിപ്പ് തുടർന്നു. ഒടുവിൽ ഞങ്ങൾക്ക് സഞ്ചരികാനുളള ബസ് വരികയും ചെയ്തു. ഞങ്ങൾ ഓൺലൈൻ ആയി ബുക്ക് ചെയ്ത ടിക്കറ്റുകൾ കാണിച്ച് ബസ്സിൽ കയറി. കാട്ടിലേക് കറിയതും ആനക്കൂട്ടത്തെ കണ്ടു. അത് ആസ്വദിച്ച് ഇരിക്കുമ്പോൾ അപ്പുറത്ത് നിന്ന് മാനുകൾ ഓടി വന്നു. "കടുവ ഓടിച്ചതാവണേ" എന്ന ഞങ്ങളുടെ പ്രാർത്ഥന ദൈവം കേട്ടില്ല. ചെറുതായി മഞ്ഞു പുതച്ചു നിൽക്കുന്ന കാട്ടിലൂടെ യാത്ര തുടർന്നു വീണ്ടും കാട്ടാന കൂട്ടവും, മാൻ കൂട്ടവും, കാട്ടുകോഴിയും, മയിലും,കാട്ടികളും ഞങ്ങളെ സന്തോഷിപ്പിച്ചു പക്ഷികളുടെ കളകളാരങ്ങൾ കേട്ട് കാടിനെ അറിഞ്ഞ് ഒരു യാത്ര. മൃഗങ്ങളെകാണുന്ന തി നുപരി വനത്തെ യാത്രയിലൂടെ അനുഭവിക്കുക എന്നതാണ് യധാർത്ഥ്യം.രാവി ലെ 6:15 മുതൽ 9 മണിക്കും 2:15 മുതൽ 5 മണി വരെയുമാണ് ബസ് സഫാരി നടത്തുന്നത്. ഒരാൾക്ക് 350 INR ആണ് ഫീസ്. ഞങ്ങൾ ബസ് സഫാരി ആണ് എടുത്തത്.ജീപ്പ് സഫാരിക്ക് 3000 INR ചിലവാകും, ഇത് രാവിലെ 6:15-8am, 8am-9:45am, 2:30pm-4:30pm, 4:30pm-6:30pm എന്നിവയ്ക്കിടയിലാണ് നടത്തുന്നത്.അതുകഴിഞ്ഞ് ഞങ്ങൾ വനപാതയിലൂടെ മൈസുരുവിനെ ലക്ഷ്യമാക്കി യാത്ര തുടർന്നു.

ഏതാണ്ട് ഒന്നന്നര മണിക്കൂർ യാത്ര ഇനിയും ഉണ്ട്.ഞങ്ങൾ മൈസുരുവിൽ എത്തി നീണ്ട യാത്രക്ക് ശേഷം വിശ്രമം എടുക്കുവാൻ വേണ്ടി

മുറിയിലേക് പോയി.ഞങ്ങൾ മൈസൂർ മൃഗശാല ലക്ഷ്യമാക്കി നീങ്ങി. ആവിടെ മുതിർന്നവർക്ക് ₹ 100/- രൂപയുംകുട്ടികൾ(5-12 വയസ്സ്) ₹ 50/- രൂപയും (5 വയസ്സിൽ താഴെഉള്ളവർക്ക് ) സൗജന്യവുമാണ്.പാമ്പ് മുതൽ ജിറാഫ് വരെ ഉണ്ട്.ഞങ്ങൾ കാണാതെ പോയ കടുവയേ കൂട്ടിൽ കണ്ടപ്പോ മനസ്സിൽ വല്ലാത്ത സുഗം ഉണ്ടായിരുന്നു.നമ്മുടെ നാട്ടിലെ മൈന മുതൽ ദേശാടന പക്ഷികൾ വരെ ഉണ്ട്.നമ്മുടെ നാട്ടിൽ കറങ്ങുവരുന്ന കുറുക്കന്മാർ അവിടെ ഉണ്ടായിരുന്നു.കുരങ്ങൻമാരേ കുറിച്ച് പറയെണ്ടല്ലോ അവർ വഴി നീളം നമ്മുക്ക് കാവലായി ഉണ്ടാവും.സമൃദ്ധമായ സസ്യജന്തുജാലങ്ങളുടെ ആവാസകേന്ദ്രമാണ് ഈ മൃഗശാല, 25 ലധികം രാജ്യങ്ങളിൽ നിന്നുള്ള 1,450 ഇനം മൃഗങ്ങൾക്കും 168 ഇനം പക്ഷികൾക്കും പേരുകേട്ടതാണ്.എല്ലാ പ്രവൃത്തി ദിവസങ്ങളിലും മൈസൂർ മൃഗശാലയുടെ സമയം രാവിലെ 8:30 മുതൽ. വൈകുന്നേരം 5:30 വരെ രാവിലെ സമയങ്ങളിൽ പക്ഷികൾ സജീവമാണ്, ഉച്ചകഴിഞ്ഞ് 3 മണിക്ക് ശേഷം സസ്തനികൾ സജീവമാണ്. അതിനാൽ, രാവിലെയോ വൈകുന്നേരമോ സന്ദർശിക്കുന്നതാണ് നല്ലത്, കാരണം മിക്ക മൃഗങ്ങളും ഈ സമയം സജീവമായി രിക്കും. ഞങ്ങൾ പോയപ്പോഴും അവർ സജീവമായിരുന്നു. പിന്നീട് ഞങ്ങൾ മൈസൂർ കൊട്ടാരത്തെ ലക്ഷ്യമാക്കി നീങ്ങി.ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും രാത്രി 7 മണി മുതൽ 7.45 വരെ കൊട്ടാരം പ്രകാശപൂരിതമാണ് . ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും ഒഴികെ, ശബ്ദ-വെളിച്ച പരിപാടികളും നടത്തപ്പെടുന്നു; സമയം വൈകിട്ട് 7 മുതൽ 7.45 വരെയാണ്.കൊട്ടാരത്തിന് തന്നെ ഏകദേശം 2 മണിക്കൂർ അനുവദിക്കുക (ചരിത്രത്തിലും



വാസ്തുവി
ദ്യയിലും
നിങ്ങളു
ടെ
താൽപ്പര്യം
എത്രത്തോളം
വിശദമാണ്
എന്നതിനെ
ആശ്രയിച്ച്)
ഞങ്ങൾക്ക്
താൽപര്യം
ഉള്ളതുകൊണ്ട് 2
മണിക്കൂർ ഞങ്ങൾ
കൊട്ടാരത്തിൽ
ചിലവഴിച്ചു.ഇംഗ്ലീ
ഷ്
വാസ്തുശില്പിയായ
ഹെൻറി ഇർവിൻ
രൂപകൽപ്പന
ചെയ്ത മൈസൂർ
കൊട്ടാരം
മൈസൂരിന്റെ
സ്കൈലൈനിൽ
ആധിപത്യം
പുലർത്തുന്നു. 1897-
1912 കാലഘട്ടത്തിൽ
നിർമ്മിച്ച ഇന്തോ-
സാരസെനിക്
ശൈലിയിലുള്ള
മൂന്ന് നിലകളുള്ള
ഈ കൊട്ടാരം
താഴികക്കുടങ്ങളാൽ
പൊതിഞ്ഞ



ചതുരാകൃതിയിലു
ള്ള ഗോപുരങ്ങൾ
മനോഹരമായി
രൂപകൽപ്പന
ചെയ്തിട്ടുണ്ട്.
ഇതുകണ്ണാൻ
നിരവധി പേരാണ്
വരുക.അലങ്കരിച്ച
നിരവധി മുറികളും
ദർബാർ ഹാളും



ഹൈലൈറ്റുകളിൽ
ഉൾപ്പെടുന്നു.
കൂടാതെ, എല്ലാ
വീഴ്ച്ചകളിലും
കൊട്ടാരത്തിൽ
ദസറ ഉത്സവം
ആഘോഷിക്കുന്നു.
മൈസൂർ
കൊട്ടാരത്തിൽ
ഇപ്പോൾ ഒരു
മ്യൂസിയവും പ്രധാന
വിനോദസഞ്ചാര
കേന്ദ്രമാണ് .കൊട്ടാ
രത്തിനു ള്ളിൽ
ഫോട്ടോഗ്രാഫി
നിരോധിച്ചിരിക്കുന്നു.
എന്നിരുന്നാലും
കൊട്ടാരത്തിന്റെയും
കാമ്പസിന്റെയും
ഫോട്ടോ
എടുക്കുന്നതിന്
നിയന്ത്രണങ്ങളൊ
ന്നുമില്ല.ഞങ്ങൾ
കൊട്ടാരത്തിന്റെ
ഫോട്ടോയും ഞങ്ങടെ
നിരവധി
ഫോട്ടോകളും
എടുത്തിട്ടുണ്ട്.
ഇപ്പോൾ
കുടുംബനാഥ
നായ 27
കാരനായ
യദുവീർ
കൃഷ്ണദത്ത
ചാമരാജ്
വാഡിയറുടെ
ഉടമസ്ഥതയിലുള്ളത
ാണ് നിലവിൽ
കൊട്ടാരം. 2013-ൽ
അമ്മാവൻ
ശ്രീകണ്ഠദത്ത
വാടിയാർ
കുട്ടിയില്ലാതെ
മരിച്ചു,
പിൻഗാമിയില്ല.
രാജമാതാവ്
യദുവീറിനെ
തങ്ങളുടെ മകനായി
ദത്തെടുക്കുകയും

അവനെ ഏക അവകാശിയാക്കി രാജാവാക്കി മാറ്റുകയും ചെയ്തു. കൊട്ടാരത്തിലെ ഈ രണ്ട് ആനകളെയും രാജാവ് 1955-ൽ കുടകിലെ കാട്ടിൽ വെച്ച് വെടിവെച്ച് വീഴ്ത്തി, അവയുടെ തലകൾ മുറിച്ചുമാറ്റി, മമ്മികളാക്കി, രാസവസ്തുക്കൾ ഉപയോഗിച്ച് ചികിത്സിച്ച ശേഷം, ഈ ചുവരുകളിൽ പ്രദർശനത്തിനായി കയറ്റി. നിർഭാഗ്യവാനായ ആനകളുടെ യഥാർത്ഥ തലകൾ ഇതാണ്. ഇത് കൊട്ടാരത്തെ വ്യത്യസ്തമാക്കുന്നു. മൈസൂർ



കൊട്ടാരത്തിന്റെ മനോഹാരിത ആസ്വദിച്ച് അടുത്തതായി ഞങ്ങൾ വൃന്ദാവൻ പൂന്തോട്ടം കാണാൻ പോകുന്നു.വൃന്ദാവൻ ഗാർഡൻസ് അതിന്റെ സൗന്ദര്യത്തിനും ഗാംഭീര്യത്തിനും ലോകപ്രശസ്തമാണ്. പച്ചയുടെ അനന്തമായ വിസ്തൃതി, വർണ്ണാഭമായ പൂക്കളാൽ ചുറ്റപ്പെട്ട, ടെറസ് പൂന്തോട്ടങ്ങൾ നന്നായി സ്ഥാപിക്കുകയും അവയുടെ സമ്മിതിരൂപകൽപ്പനയ്ക്ക് പ്രശംസിക്കുകയും ചെയ്യുന്നു. അത് കൊണ്ട് നിരവധി ടൂറിസ്റ്റ്കളാണ് ഇവിടെ

വരുന്നത്.സൂര്യാസ്തമയത്തിനു ശേഷവും, 6.30 PM നും 7.30 PM നും (പ്രതിവാരദിവസങ്ങളിൽ), 8.30 PM (വാരാന്ത്യങ്ങളിൽ) സംഗീത ജലധാര പ്രവർത്തിക്കുന്നു. സൂര്യാസ്തമയ സമയത്തിന് തൊട്ടുമുമ്പ് സന്ദർശിക്കാൻ ശുപാർശ ചെയ്യുന്നു - ഏകദേശം 4 മുതൽ 5 വരെ, പകൽ വെളിച്ചത്തിൽ പൂന്തോട്ടങ്ങൾ പര്യവേക്ഷണം ചെയ്യുക, സൂര്യാസ്തമയത്തിനു ശേഷം സംഗീത ജലധാരയ്ക്ക് സാക്ഷ്യം വഹിച്ച് മടങ്ങുക. കാഴ്ച്ച കണ്ടിരിക്കാൻ തന്നെ നല്ല രസമാണ്.പാട്ടുകളുടെ സംഗീതവുമായി പൊട്ടുന്ന ജലധാരകൾ സമന്വയിപ്പിച്ചിരിക്കുന്ന സംഗീത

ജലധാരയാണ്
പാർക്കിന്റെ പ്രധാന
ആകർഷണം.
സന്ദർശകർക്ക്
ബോട്ടിംഗ്
സൗകര്യമുള്ള
പൂന്തോട്ടത്തിനുള്ളി
ൽ ഒരു
തടാകവുമുണ്ട്.
നിർഭാഗ്യവശാൽ
ഞങ്ങൾക്ക് സംഗീത
ജലധാര കാണാൻ
പറ്റിയില്ല.അതുകഴി
ഞ്ഞ ഞങ്ങൾ
റൂമിലേക്കു പോയി
അവിടെ നിന്ന്
നീണ്ട റസ്റ്റ് എടുത്ത്
അതിരാവിലെ ഒരു
അമ്പലം
സന്ദർശനം നടത്തി
അമ്പലത്തിൽ
പോയത് കൊണ്ട്
ഒരു പോസിറ്റീവ്
എനർജി ലഭിച്ചു
ആ എനർജി
കൊണ്ട് യാത്ര
തുടർന്നു മൈസൂർ
ഫുഡ് കഴിച്ചതിനു
ശേഷം മൈസൂർ
ടൌൺ കറങ്ങി ചില
സാധനങ്ങൾ
വാങ്ങി. മൈസൂർ
പാക്ക് വങ്ങാനായി
പോയി.

അതു കഴിഞ്ഞ്
ഞങ്ങൾ
കേരളത്തിലേക്ക്
യാത്ര തിരിച്ചു
പോകുമ്പോൾ
കാട്ടാനയുടെ
കൂട്ടത്തെയും നമ്മുടെ
മാൻ കൂട്ടത്തെയും
കണ്ടു. പിന്നീട് ചുരം
ഇറങ്ങി വീട്ടിലേക്ക്
എത്തി. വളരെ നല്ല
യാത്രയായിരുന്നു.
ഒരുപാട് നല്ല
ഓർമ്മകൾ
സമ്മാനിച്ച യാ









# ഡിജിറ്റൽ ചിത്രങ്ങൾ






ഹരിദേവ് സി



# 2021-24 ബാച്ച്





# ലിറ്റിൽ കൈറ്റ്സ് ക്ലാസ്സുകൾ




# മേലടി സബ്ജില്ല ഐ ടി മേളയിൽ രണ്ടാം സ്ഥാനം




## സബ്ജില്ല തല എൽ കെ ക്യാമ്പിൽ പ്രോഗ്രാമിങ് അനിമേഷൻ എന്നീ ഇനങ്ങൾക്ക് തിരഞ്ഞെടുക്കപ്പെട്ടവർ

# ഓണാഘോഷ പരിപാടികളിൽ നിന്ന്







വിദ്യാർത്ഥികളുടെ ലഹരി വിരുദ്ധ ചങ്ങല



# അദ്ധ്യാപകർ



# SVAHSS NADUVATHUR



Little kites members

Congratulations



# Lk/2021/16051
## 2022-25

ഞങ്ങൾ തയ്യാറാക്കിയ 'വിസ്മയം' എന്ന
ഡിജിറ്റൽ മാഗസിന് എന്തെങ്കിലും തെറ്റുകളും
കുറവുകളും ഉണ്ടെങ്കിൽ സദയം
ക്ഷമിക്കണമെന്ന്
അപേക്ഷിക്കുന്നു.ഞങ്ങളുടെ ആദ്യ
സംരംഭമാണിത്.